ഇവിടത്തെ തൊഴിലാളികൾ വീണ്ടും പട്ടിണിയിലാകും. നമ്മൾ കർശനമായ നിലപാട് സ്വീകരിച്ചാൽ തൊഴിലാളികൾക്ക് ജോലി നഷ്ടമാകുന്ന സ്ഥിതിയുണ്ടാകും. കൂലിയും മറ്റ് ആനുകൂല്യങ്ങളും കൊടുക്കുന്ന കാര്യത്തിൽ അവർ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. സൗജന്യ റേഷനെന്നു പറയുന്നത് അതിന് പരിഹാരമാണെന്ന് തോന്നുന്നില്ല. ഇതുപോലെ പല മേഖലയിലേയും തൊഴിലാളികൾ പ്രയാസമനുഭവിക്കുന്നുണ്ട്. അവർക്ക് സൗജന്യ റേഷൻ എന്നത് ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് തീരുമാനിക്കേണ്ട നയപരമായ കാര്യമാണ്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം വലിയ പഠനമൊന്നും നടത്തുന്നതിന് ആവശ്യമായ സംഗതിയല്ല എന്ന് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. എങ്കിലും ഈ രംഗത്ത് പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്യുന്നതിനും അവരുടെ റെക്കമെന്റേഷൻ സ്വീകരിക്കുന്നതുസംബന്ധിച്ചും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(6) വീരശൈവ സഭയിൽപ്പെട്ട ആളുകളെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന വീരശൈവ സഭയ്ക്ക് പ്രത്യേകമായ ആനുകൂല്യം അനുവദിക്കണമെന്നും അവരെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തണമെന്നും പറയുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1963-ലെ കെ. കെ. വിശ്വനാഥൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് 13 വിഭാഗങ്ങൾക്ക് ഇങ്ങനെ പരിഗണന നൽകണമെന്ന് പറഞ്ഞുവെങ്കിലും 12 വിഭാഗത്തേയും പരിഗണിച്ചുവെങ്കിലും വീരശൈവ സഭ മാത്രം ഒരു പരിഗണനയുമില്ലാതെ നിൽക്കുകയാണ്. അതുകൊണ്ട് 1950-ൽ മാത്രം ഒ.ഇ.സി.-യായി പരിഗണിച്ച് അവർക്ക് സർട്ടിഫിക്കറ്റ് നൽകിയിരുന്നു. പിന്നീട് ഒരു കാലഘട്ടത്തിലും ഉണ്ടായില്ല. ഇന്ന് അവർ അനുഭവിക്കുന്ന തടസ്സം, 1996-ലെ ഗവൺമെന്റ് ഉത്തരവ്, ജി.ഒ. 57/96 എസ്.സി/എസ്.ടി./ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ്, തീയതി 8-11-1996 പ്രകാരം വീരശൈവ സഭയിൽപ്പെട്ട പണ്ഡാരം, പണ്ഡാരൻ എന്നീ വിഭാഗങ്ങൾക്കുപ്പോലും സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യം ഈ സംസ്ഥാനത്ത് നിലനിൽക്കുന്നു. ഇത് വലിയ അനീതിയാണ്. അതുകൊണ്ട് ഗവൺമെന്റ് ഉത്തരവ് കൃാൻസൽ ചെയ്ത് അവരെ ഒ. ഇ. സി. -യിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ടെന്ന് Ethnographic study-യിൽ മനസ്സിലാകുന്ന സമുദായങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്താതെ പോയാൽ ആ സമുദായങ്ങളെയാണ് ഒ.ഇ.സി. ലിസ്റ്റിൽ സാധാരണ ഉൾപ്പെടുത്താറുള്ളത്. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ പര്യായനാമങ്ങൾ എസ്.സി/എസ്.ടി. ലിസ്റ്റിൽ ഇല്ലാതെ വന്നാലും ആ സമുദായങ്ങളെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താറുണ്ട്. ഇവിടെ വീരശൈവ സമുദായത്തെ മുഴുവനായി ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തണമെന്നാണ് ആവശ്യം. വീരശൈവ സഭയെ സംബന്ധിച്ചിടത്തോളം സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ അവസ്ഥ മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് തുല്യമാണെന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല. 1996-ലെ പിന്നോക്ക സമുദായ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വീരശൈവ സഭയെ ഒരൊറ്റ വിഭാഗമായി ഒ.ബി.സി. ലിസ്റ്റിൽ നിന്ന് പുറത്താക്കി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആ സമുദായത്തെ വീണ്ടും ഒ.ബി.സി.-യിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതുസംബന്ധിച്ച് Ethnographic study നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇപ്പോൾ ഒ.ബി.സി.-യിൽ ഉൾപ്പെട്ടു നിൽക്കുന്ന വീരശൈവ സഭയെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല എന്നു കൂടി പ്രത്യേകം അറിയിക്കട്ടെ.

IV. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ആഗസ്റ്റ് 4 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രമേയം സഭ അംഗീകരിച്ചു)

V. റിപ്പോർട്ട് സമർപ്പണം

2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായ ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

VII. ക്രമപ്രശ്നം

കേരള സർവ്വകലാശാലകൾ ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേരിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്ത രീതിയിൽ അവതരിപ്പിക്കുന്നത് ഭരണഘടനാവിരുദ്ധവും സുപ്രീം കോടതിയുടെ ഏറ്റവും ഒടുവിലത്തെ തീരുമാനത്തിന് വിരുദ്ധവുമാണ്. ഈ സർവ്വകലാശാല ബില്ലിലെ 2(13) വകുപ്പുകൾ പ്രകാരം ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതിൽ "കമ്മ്യൂണിറ്റി കോളേജ്" എന്നതിന് നിർവ്വചനം നൽകിയിട്ടുണ്ട്. "കമ്മ്യൂണിറ്റി കോളേജ്" എന്നാൽ ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളും മറ്റ് ആവശ്യങ്ങളും നിറവേറ്റുന്നതിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly